**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2936** **24-02-2026 - ൽ മറുപടിയ്ക്ക്**

**സാംസ്കാരിക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാംസ്കാരിക ക്ഷേമനിധിയിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കലാകാരന്മാരെയാണ് ഉൾപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | 18 വയസ്സിനും 60 വയസ്സിനുമിടയ്ക്കുള്ള കലാ സാംസ്കാരിക പ്രവർത്തകർക്കാണ് ('സാംസ്കാരിക പ്രവർത്തകൻ' എന്നാൽ സിനിമ, ഇലക്ട്രോണിക് മാധ്യമം, കേബിളും കേബിൾ ശൃംഖലയും, നാടകം, സംഗീതം, കഥകളി, ഗാനമേള, അനുകരണകല, സാഹിത്യം, ചിത്രരചന, ശിൽപ്പകല, നാടൻകലകൾ, അനുഷ്ഠാന കലകൾ, സെമിക്ലാസിക്കൽ കലകൾ, നാടൻപാട്ടുകൾ, മേക്കപ്പ്, വാദ്യകലകൾ, മാജിക്, സർക്കസ്, മാർഗ്ഗംകളി, ചവിട്ടുനാടകം, കാർട്ടൂൺ, കഥാപ്രസംഗം, മാപ്പിളകലകൾ, പന്തൽ, അലങ്കാരം, വസ്ത്രരൂപകൽപ്പന, പരസ്യകല, പെയിന്റിംഗ്, കോംപയറിംഗ്, ഫോട്ടോഗ്രഫി എന്നീ മേഖലകളിലെ ഏതെങ്കിലും പ്രവർത്തന ങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥ ശാലകളിൽ ലൈബ്രേറിയൻ ആയി പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ തന്റെ ഉപജീവനത്തിനായി അങ്ങനെയുള്ള മറ്റേതെങ്കിലും രൂപത്തിലുള്ള കല, സാഹിത്യം, സംസ്കാരം, സാംസ്കാരിക പ്രഭാഷണം തുടങ്ങിയ മേഖലയിലുള്ളവർ) അംഗത്വം നല്കുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും വിഭാഗത്തെ ഉൾപ്പെടുത്തുകയോ ഒഴിവാക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്നും എന്തുകൊണ്ടാണെന്നും വിശദമാക്കുമോ; | (ബി) | ഇല്ല. |
| (സി) | സാംസ്കാരിക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ബഡ്ജറ്റിൽ എന്ത് തുക നീക്കിവച്ചിട്ടുണ്ടെന്നും ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ? | (സി) | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന് ഈ സർക്കാർ കാലയളവിൽ അധിക ധനാനുമതിയായി 2,92,00,000 രൂപ അനുവദിച്ചിട്ടുണ്ട്. ആയത് പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ